പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 825 — 11/03/2015 -ൽ മറുപടിയ്ക്ക്

**<u>അനുഷ്ഠാന കലകൾ അവതരിപ്പിക്കുന്ന കലാകാരന്മാർക്കുള്ള പ്രതിഫല തുക</u>**

<u>ചോദ്യം</u>

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ.

<u>ഉത്തരം</u>

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

എ) ക്ഷേത്ര അനുഷ്ഠാന കലകളായ കഥകളി, ഹരികഥ, എന്നിവ ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ച് അവതരിപ്പിക്കുന്ന കലാകാരന്മാർക്ക് ദക്ഷിണ/പ്രതിഫലമായി എന്ത് തുകയാണ് ദേവസ്വം ബോർഡിൽ നിന്നും നൽകുന്നതെന്ന് വ്യക്തമാക്കാമോ;

ബി) പ്രസ്തുത നിരക്ക് എന്നാണ് നിശ്ചയിച്ചതെന്ന് വ്യക്തമാക്കുമോ;

എ) & ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ചു കഥകളി, ഹരികഥ മുതലായ അനുഷ്ഠാന കലകൾക്ക് ഉപദേശക സമിതികൾ നിലവിലുള്ള വിവിധ ദേവസ്വങ്ങളിൽ അതാത് ഉപദേശക സമിതിയാണ് പ്രതിഫലം നൽകുന്നത്. സമിതി നിലവിലില്ലാത്ത സ്ഥലങ്ങളിൽ അതാത് ദേവസ്വങ്ങളിലെ പതിവിൻപടി നിശ്ചയിച്ചിട്ടുള്ള തുക പ്രതിഫലമായി നൽകുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിനെ സംബന്ധിച്ച് ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾ അതാത് ക്ഷേത്രങ്ങളിലെ ഉത്സവാഘോഷ കമ്മിറ്റികളാണ് നടത്തിവരുന്നത്. മലബാർ ദേവസ്വം ബോർഡ് നേരിട്ട് ഉത്സവങ്ങളൊന്നും നടത്തുന്നില്ല. ക്ഷേത്ര അനുഷ്ഠാന കലകളായ കഥകളി, ഹരികഥ എന്നിവ അവതരിപ്പിക്കുന്ന കലാകാരന്മാർക്ക് ദക്ഷിണ/പ്രതിഫലം അതാത് ദേവസ്വത്തിൽ നിന്നാണ് നൽകിവരുന്നത്. മലബാർ ദേവസ്വം ബോർഡിൽ നിന്നും അനുഷ്ഠാനകലകൾക്ക് നിരക്ക് നിശ്ചയിച്ച് നൽകുകയോ, കലാകാരന്മാർക്ക് ബോർഡ് നേരിട്ട് പ്രതിഫലം നൽകി വരുകയോ ചെയ്യുന്നില്ല. കൊച്ചിൻ ദേവസ്വം ബോർഡിൽ ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ച് അവതരിപ്പിക്കുന്ന കലാകാരന്മാർക്ക് പ്രതിഫലം നിശ്ചയിച്ചുനൽകിയിട്ടില്ല. ഗുരുവായൂർ ക്ഷേത്രത്തിൽ ക്ഷേത്രോത്സവത്തോടനുബന്ധിച്ച് ക്ഷേത്ര അനുഷ്ഠാന കലകൾ അവതരിപ്പിക്കുന്ന സന്ദർഭങ്ങളിൽ കേരള കലാമണ്ഡലം, പി.എസ്.വി നാട്യസംഘം തുടങ്ങിയ സ്ഥാപനങ്ങൾ രേഖാമൂലം അറിയിക്കുന്നതു പ്രകാരം അനുവദിക്കുകയോ അല്ലാത്തപക്ഷം പ്രസ്തുത കലാരൂപങ്ങൾ അവതരിപ്പിക്കുന്ന കലാകാരന്മാരുമായി ദേവസ്വം ഉദ്യോഗസ്ഥർ നേരിൽ സംസാരിച്ച് കലാകാരന്മാരുടെ നിലവാരമനുസരിച്ച് പ്രതിഫലം നിശ്ചയിക്കുകയോ ആണ് ചെയ്തു വരുന്നത്. കൂടൽമാണിക്യം ദേവസ്വത്തിൽ 2014 -ലെ ഉത്സവത്തി

നോടനുബന്ധിച്ച് കഥകളി കലാകാരന്മാർക്ക് 8 ദിവസത്തേക്ക് (പാക്കേജ്) 1,55,000/- രൂപ നിശ്ചയിച്ച് നൽകിയിട്ടുള്ളതായി ദേവസ്വം അഡ്മിനിസ്ട്രേറ്റർ അറിയിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | നിലവിൽ ഏതൊക്കെ അനുഷ്ഠാന കലകളാണ് ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിൽ ഉത്സവങ്ങളോടനബന്ധിച്ച് നടത്താറുള്ളത്; ഓരോന്നിനും നിശ്ചയിച്ചിട്ടുള്ള പ്രതിഫല നിരക്ക് എത്രയാണ്; | സി) & ഡി) | തിരുവിതാംകൂർ ദേവസ്വം ബോർഡിനെ സംബന്ധിച്ച് കഥകളി, കൂടിയാട്ടം, ഓട്ടൻതുള്ളൽ, ചാക്യാർകൂത്ത്, ഹരികഥ മുതലായവയാണ് നടത്താറുള്ളത്. ഒരു പൊതു നിരക്ക് ഇവയ്ക്കൊന്നിനും നിശ്ചയിച്ചിട്ടില്ല. മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിൽ പ്രാദേശിക ഭേദമനുസരിച്ച് കലാരൂപങ്ങൾക്കും കലാകാരന്മാർക്കും അതാത് ക്ഷേത്ര കമ്മിറ്റികളാണ് പ്രതിഫലം നിശ്ചയിച്ചു നൽകുന്നത്. നിരക്ക് നിശ്ചയിച്ചുകൊണ്ടുള്ള ഒരു മാനദണ്ഡം ദേവസ്വങ്ങളിൽ നിലവിലില്ലാത്തതാണ്. ഗുരുവായൂർ ദേവസ്വത്തിൽ ഉത്സവത്തിന്റെ ഭാഗമായി കഴിഞ്ഞ കുറേ വർഷങ്ങളായി ഉത്സവം ആരംഭിക്കുന്ന ദിവസം കൊടിയേറ്റത്തിനു ശേഷം കഥകളി നടത്തുക പതിവുണ്ട്. ഈ വർഷത്തെ ക്ഷേത്രോത്സവത്തിൽ ഇതിനു പുറമേ ഓട്ടൻ തുള്ളൽ, ചാക്യാർകൂത്ത്, കൂടിയാട്ടം തുടങ്ങിയ കലാരൂപങ്ങളും അവതരിപ്പിക്കുന്നു. ഇവർക്ക് സ്ഥിരമായി ഒരു നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തതാണ്. ഓരോ വർഷവും ഓരോ പരിപാടിക്കും നിരക്ക് നിശ്ചയിക്കുകയാണ് പതിവ്. കൊച്ചിൻ ദേവസ്വത്തിൽ ക്ഷേത്ര അനുഷ്ഠാന കലകളായ കഥകളി, ഹരികഥ എന്നിവ ക്ഷേത്രോത്സവങ്ങളോടനുബന്ധിച്ച് അവതരിപ്പിക്കുന്ന കലാകാരന്മാർക്കുള്ള പ്രതിഫലം നിശ്ചയിച്ചിട്ടില്ല. കൂടൽമാണിക്യം ദേവസ്വത്തിൽ 2014 -ലെ ഉത്സവത്തിനോടനുബന്ധിച്ച് കഥകളി കലാകാരന്മാർക്ക് 8 ദിവസത്തേക്ക് (പാക്കേജ്) 1,55,000/- രൂപ, ഓട്ടൻതുള്ളൽ & കുറത്തിയാട്ടം (7 ദിവസം) 19,000/- രൂപ, പാഠകം 3,800/- രൂപ, ചാക്യാർകൂത്ത് 90,000/- രൂപ, നങ്ങ്യാർകൂത്ത് 2,460/- രൂപ, ബ്രാഹ്മിണിപാട്ട് 660/- രൂപ എന്നിവ നിശ്ചയിച്ചിരുന്നതായും ആയത് കാലാനുസൃതമായി പരിഷ്കരിച്ചുവരുന്നതായും ദേവസ്വം അഡ്മിനിസ്ട്രേറ്റർ അറിയിച്ചിട്ടുണ്ട്. |
| ഡി) | ആദ്യകാല കലാരൂപങ്ങളായ കഥകളി, ഹരികഥ എന്നിവ നിലനിർത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും വേണ്ടി ഇവയ്ക്ക് നൽകുന്ന പ്രതിഫലത്തുക കാലാനുസൃതമായി പരിഷ്കരിക്കുമോ? | | |

സെക്ഷൻ ഓഫീസർ